## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 762

30.01.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അടൂർ പ്രകാശ്,**<br>**". വി.പി. സജീന്ദ്രൻ,**<br>**" കെ. മുരളീധരൻ,**<br>**". എം വിൻസെന്റ് :** | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അവരുടെ ജീവിത നിലവാരത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കിയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനും, ജീവിതനിലവാരത്തിന്റെ ഉന്നമനത്തിനുമായി വിദ്യാഭ്യാസ പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ, സാമൂഹ്യക്ഷേമ പരിപാടികൾ, സാംസ്കാരിക പരിപാടികൾ, നിയമാധിഷ്ഠിത സേവനങ്ങൾ നൽകുക, എന്നീ തരത്തിലുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾക്കൊണ്ട് ഈ ജനവിഭാഗത്തിനുണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് വിശദ പഠനം നടത്തുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) എന്ന സർക്കാർ സ്വയംഭരണ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യ നിധി പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസനവകുപ്പും എൽ.ഐ.സി ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിയ്ക്ക് 1,38,000/- രൂപ 4 ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ എൽഐസി ഓഫ് ഇന്ത്യയിൽ നിക്ഷേപിക്കുന്നു 01-04-2017 നു ശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മൂന്നുലക്ഷം രൂപയും അതിൽ കൂടുതലോ നൽകുന്നു കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യ വികസനപദ്ധതി | (സി) | • പട്ടികവർഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് |

| | | | |
|---|---|---|---|
| | ആ വിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തിന് എത്രമാത്രം പ്രയോജന പ്രദമായി എന്ന് വിശദീകരിക്കാമോ; | | എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന ഫലമായി സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യ സ്ഥിതി മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട നിലയിലാക്കാൻ സഹായിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.<br>• ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷാ ഉറപ്പ് വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.<br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.<br>• ആയുർവേദ ഡിസ്പെൻസറികൾ, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.<br>• അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.<br>• വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.<br>• പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.<br>• വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.<br>• മുൻകാലങ്ങളിൽ ശിശു മരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അട്ടപ്പാടിയിലെ ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.<br>• ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.<br>• അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.<br>• ഹോംഡെലിവറി 64 (2013) ൽ നിന്ന് 6 (2018) ആയി കുറഞ്ഞിട്ടുണ്ട്.<br>• ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013) ൽ നിന്ന് 4 |

| | | | |
|---|---|---|---|
| | | | (2018) ആയി കുറഞ്ഞിട്ടുണ്ട്.<br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.<br>• പ്രതിമാസകുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ് ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ - അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.<br>• പോഷകാഹാരകുറവുള്ള കുട്ടികളേയും ഗർഭിണികളേയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തി വരുന്നുണ്ട്. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കിയിട്ടും പട്ടികവർഗ്ഗക്കാർക്കിടയിൽ ശിശുമരണത്തിന്റെ തോത് വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) | വർദ്ധിച്ചിട്ടില്ല.<br><br>2016-ൽ 8 മരണങ്ങളും 2017-ൽ 14 മരണങ്ങളും 2018-ൽ 13 മരണങ്ങളുമാണുണ്ടായിട്ടുള്ളത്. ഈ മരണങ്ങളെല്ലാം തന്നെ പോഷകാഹാരക്കുറവു മൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചിട്ടുള്ളത്.<br>ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**

[illegible]

## വാത്സല്യനിധി പദ്ധതി - നിബന്ധനകളും ആനുകൂല്യങ്ങളും

പട്ടികജാതി പെൺകുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനായി പട്ടികജാതി വികസന വകുപ്പ് LIC of India യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് വാത്സല്യനിധി. വകുപ്പ് ചുവടെ പറയും പ്രകാരം ആകെ 1,38,000/- രൂപ പ്രീമിയമായി വകുപ്പ് LIC - യ്ക്ക് നൽകുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ LIC 3 ലക്ഷം രൂപ പെൺകുട്ടിയ്ക്ക് നൽകുന്നു. കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കു ആനുകൂല്യങ്ങൾ LIC വഴി ലഭിക്കുന്നു.

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000/- രൂപ |
| | അപകട മരണം | 4,00,000/- രൂപ |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000/- രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- രൂപ |
| ഒറ്റ രക്ഷകർത്താവ് | സാധാരണ മരണം | 30,000/- രൂപ |
| | അപകട മരണം | 30,000/- രൂപ |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്) |
| | അപകട മരണം | |
| **വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ** | | |
| **സ്വീകർത്താവ്** | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
| പെൺകുട്ടി | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിക്കോ | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |

***നിബന്ധനകൾ*** :- 1.4.2017 - ന് ശേഷം ജനിച്ചിട്ടുള്ള രൂപ ഒരു ലക്ഷത്തിൽ താഴെ കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗ പെൺകുട്ടികൾക്കാണ് പദ്ധതിയിൽ അംഗമാകാൻ കഴിയുക. അംഗമാകുന്നവരുടെ പേരിൽ താഴെ ചേർത്ത പ്രകാരം നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക വകുപ്പ് LIC യിൽ നിക്ഷേപിക്കുന്നതാണ്.

| പ്രീമിയം തുക | മാനദണ്ഡങ്ങൾ |
|---|---|
| 39,000 | എ. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കണം.<br>ബി. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിരിക്കണം |
| 36,000 | എ. പെൺകുട്ടിക്ക് 5 വയസ് പൂർത്തിയായിരിക്കണം.<br>ബി. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. |
| 33,000 | 5-ാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാവുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. |
| 30,000 | പെൺകുട്ടി 10-ാം തരം പാസാവുകയും 15 വയസ് പൂർത്തിയാവുകയും വേണം. പത്താം തരം പരീക്ഷയുടെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. |

സെക്രട്ടറി